യത്ത് നിലവിലുള്ള പോസ്റ്റിന്റെ പത്ത് ശതമാനം റിസർവേഷൻ ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവണ്മെന്റ് ഈ പദ്ധതി കൊണ്ടുവന്നത്. ഈ പദ്ധതി കൊണ്ടുവന്നെങ്കിലും പല സ്ഥലത്തുനിന്നും ആക്ഷേപങ്ങളുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും നിയമനം നടത്താത്ത ഒരവസ്ഥ നിലവിലുണ്ടെന്ന് മാത്രമല്ല 23.2.98 ലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലെ ലിസ്റ്റ് നിലവിലുള്ളത്. ഈ സഭയിൽ 1313-ാം നമ്പർ അൺസ്റ്റാർഡ് ക്വസ്റ്റ്യന് മറുപടിയായി തന്നത് എട്ട് പോസ്റ്റുകൾ അവിടെ ഉണ്ടെന്നും നിയമനം നടത്തിയിട്ടില്ല എന്നുമാണ്. മറ്റൊരു ക്വസ്റ്റ്യന് ഉത്തരമായി തന്നത് അടുത്ത അദ്ധ്യയന വർഷത്തിൽ ആ പോസ്റ്റ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമെന്നാണ്. ഈ രണ്ട് ഉത്തരം തന്നിട്ടും ഇതുവരേയും നിയമനം നടത്തിയിട്ടില്ല. നിയമനം നടത്തിയില്ല എന്നുമാത്രമല്ല ഇതുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ കോഴിക്കോട് ഡി.ഡി. ഓഫീസിൽ നിന്നാണ് നിയമനം നടത്തേണ്ടത് എന്നാണ് ഡി.പി.ഐ. പറഞ്ഞത്. കോഴിക്കോട് ഡി.ഡി. ഓഫീസിൽ ചെന്ന് അന്വേഷിച്ചപ്പോൾ കോഴിക്കോട് ഡി.ഡി. പറയുന്നത് ഞങ്ങൾക്ക് അങ്ങനെയൊരു നിർദ്ദേശം കിട്ടിയില്ല, ഞങ്ങൾക്ക് നിയമനം നടത്താൻ പറ്റുകയില്ല എന്നുള്ള രൂപത്തിലാണ്. വേറൊരു അനാസ്ഥ കാണിച്ചിരിക്കുന്നത് അൺസ്റ്റാർഡ് ക്വസ്റ്റ്യന് ഗവൺമെന്റിൽ നിന്നും തരുന്ന മറുപടിയനുസരിച്ച് നിയമനം നടത്താതിരിക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ട്. ആ ഉദ്യോഗസ്ഥന്മാരുടെ പേരിൽ അടിയന്തിര നടപടി സ്വീകരിക്കണം. കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ ഇതുവരേയും പോസ്റ്റുകൾ നീട്ടിക്കൊണ്ടുപോകുകയാണ് ചെയ്തത്, മാത്രമല്ല നിലവിലുള്ള പോസ്റ്റുകളിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുമില്ല. ഇങ്ങനെ അനാസ്ഥ കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കോഴിക്കോട് ജില്ലയിലെ ഹിന്ദി എച്ച്.എസ്.എ. (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ എട്ട് ഒഴിവുകൾ ഉണ്ടെന്ന് 18.5.99-ലെ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ കോഴിക്കോട് ജില്ലാ പബ്ലിക് സർവീസ് കമ്മിഷൻ ഓഫീസിൽ ഇത് നികത്തണമെന്ന് കാണിച്ച് കത്ത് എഴുതിയിട്ടുണ്ട്. അതനുസരിച്ച് ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണ്. ഇതിനകത്ത് കാലതാമസം ഉണ്ടായിട്ടുണ്ട് എന്നതാണ് ബഹുമാനപ്പെട്ട എൻ. കണ്ണൻ ഇവിടെ ഉന്നയിച്ചിരിക്കുന്ന പ്രശ്നം. കത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്നെ അയച്ചിട്ടുണ്ട്. എന്നിട്ട് എന്തുകൊണ്ടാണ് അവിടെ നിയമനം നടക്കാത്തത് എന്നുള്ളത് പ്രത്യേകമായി അന്വേഷിക്കാം.

(5) എസ്.എഫ്.ഐ. വിദ്യാർത്ഥികളുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എം.വി. ജയരാജൻ : സർ, കേരളത്തിൽ എസ്.എഫ്.ഐ. യുടെ നേതൃത്വത്തിൽ ഇന്ന് വിദ്യാർത്ഥികൾ സെക്രട്ടേറിയറ്റിന്റെ മുന്നിലും നൂറ്റിയൻപതോളം ഏരിയാ കേന്ദ്രങ്ങളിലും മാർച്ച് സംഘടിപ്പിക്കുകയാണ്. ഇവർ വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളാണ് ഉന്നയിക്കുന്നത്. സമഗ്രമായ വിദ്യാഭ്യാസ നയം പ്രഖ്യാപിക്കുക, പ്രൊഫഷണൽ കോഴ്സുകളിലെ എൻട്രൻസ് പരീക്ഷ ശാസ്ത്രീയമായി പരിഷ്കരിക്കുക, ഗ്രാമീണ മേഖലയ്ക്ക് സംവരണം ഏർപ്പെടുത്തുക, യു.ജി.സി. സ്കീം നടപ്പിലാക്കുക, ഉന്നത വിദ്യാഭ്യാസ രംഗം ശാസ്ത്രീയമായി പരിഷ്കരിക്കുകയും സർക്കാർ കോളേജുകളിൽ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക, പ്രൈമറി തലത്തിൽ മാധ്യമം മലയാളമാക്കുക, ഹൈസ്കൂളുകളിലെ അദ്ധ്യാപകർ പ്രത്യേക പരിശീലനം നേടിയവരാണെന്ന് ഉറപ്പുവരുത്തുക, പ്ളസ് ടൂ അദ്ധ്യാപകരുടെ യോഗ്യതാ പരീക്ഷ ഉടൻ നടത്തുക. നേരത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ ഈ സഭയിൽ വ്യക്തമാക്കിയതാണ് യോഗ്യതാ പരീക്ഷ നടത്താനുള്ള സംവിധാനമുണ്ടാക്കുമെന്ന്. പക്ഷെ ഇതുവരേയും അതിനെ സംബന്ധിച്ചുള്ള ചട്ടങ്ങളുണ്ടാക്കാൻപോലും കഴിഞ്ഞിട്ടില്ല. പ്ളസ് ടൂ മലയാളത്തിലും എഴുതാൻ അവസരം നൽകണം. പ്രീഡിഗ്രിക്ക് പണ്ട് മലയാളത്തിലെഴുതാൻ അവസരമുണ്ടായിരുന്നു. ഇപ്പോൾ പ്ളസ് ടൂ വന്നതോടുകൂടി ആ അവസരം നിലവിലില്ല. വി. എച്ച്.എസ്.ഇ. യിലെ പ്രതിസന്ധി പരിഹരിക്കണം. വി.എച്ച്.എസ്.ഇ. യിൽ ആവശ്യമായ അദ്ധ്യാപകർ ഇല്ല. നിയമനത്തിന് പ്രത്യേകമായി ചട്ടങ്ങളില്ല. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവതരമായി ഉയർന്നുവരുകയാണ്. പ്രൈമറി ബിൽ കുറ്റമറ്റതാക്കി തീർക്കുക, ഹൈസ്കൂൾ, കോളേജ് ഇവിടെയൊക്കെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുക, വിദ്യാഭ്യാസ മേഖലയിലെ വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളുയർത്തിക്കൊണ്ടാണ് വിദ്യാർത്ഥി പ്രസ്ഥാനം എസ്.എഫ്.ഐ. യുടെ നേതൃത്വത്തിൽ ഈ രീതിയിൽ സമരം സംഘടിപ്പിക്കുന്നത്. ഈ സംഘടനകളുമായി ചർച്ച ചെയ്തുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ശരിയായിട്ടുള്ള നടപടി സ്വീകരിക്കണം, അതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേകം മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഒട്ടേറെ വിഷയങ്ങളാണ് ശ്രീ. എം.വി. ജയരാജൻ ഉന്നയിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് പ്രൈമറി തലം മുതൽ നടപ്പാക്കാനുള്ള പ്രൈമറി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. രണ്ട് ഭാഗത്തുനിന്നുമുള്ള എം. എൽ.എ. മാർ ഇതിൽ ഉണ്ട്. ഇത് കുറ്റമറ്റതാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. വി.എച്ച്.എസ്.ഇ. യെ സംബന്ധിച്ചിടത്തോളം പറഞ്ഞ കാര്യങ്ങൾ അതിൽ സ്പെഷ്യൽ റൂൾസ് അവസാന ഘട്ടത്തിലെത്തിയിരിക്കുന്നു. സ്പെഷ്യൽ റൂൾസ് ഫൈനലൈസ് ചെയ്താൽ മാത്രമേ പി.എസ്.സി.യിൽ നിന്നും നിയമനം നടത്താൻ കഴിയുകയുള്ളൂ. പെർമനന്റ് പോസ്റ്റിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് പാസ്സാക്കേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ എലിജിബിലിറ്റി ടെസ്റ്റ് നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. പഠന മാധ്യമം മലയാളത്തിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഗ്രാമീണ മേഖലയ്ക്ക് സംവരണം നൽകണമെന്നുള്ളത് ചില സംസ്ഥാനങ്ങളിൽ നടപ്പാക്കിവരുകയാണ്. അത് ഇവിടേയും പ്രാവർത്തികമാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കേണ്ട വിഷയമാണ്. അതുപോലെ എൻട്രൻസ് പരീക്ഷയിൽ ചില മാറ്റങ്ങൾ വരുത്തുന്ന കാര്യം ഞാൻ ഇന്നലെ ഈ സഭയിൽ പറയുകയുണ്ടായി. അദ്ധ്യാപകരുടെ വേക്കൻസികൾ നികത്തുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തവണ സ്കൂൾ തുറക്കുന്നതിനുമുൻപുതന്നെ ബഹുഭൂരിപക്ഷം സ്കൂളുകളിലും അദ്ധ്യാപകരെ നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില മേഖലകളിൽ അദ്ധ്യാപകർ പോകാൻ തയ്യാറാകാത്തതുകൊണ്ടാണ് ചില സ്കൂളുകളിൽ വേക്കൻസികൾ നിലനിൽക്കാൻ കാരണം. ചില ജില്ലകളിൽ പ്രശ്നം ഉണ്ട്. ബഹുഭൂരിപക്ഷം സ്കൂളുകളിലും നിശ്ചിത സമയത്ത് അദ്ധ്യാപകരെ നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ പി.എസ്.സി. വഴി ഏറ്റവും കൂടുതൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഓരോ ജില്ലയിലേയും കണക്കെടുത്ത് പരിശോധിച്ചാൽ മനസ്സിലാകും.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കുന്നതാണ്.

(6) കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ്

ശ്രീ. എളമരം കരീം : സർ, കോഴിക്കോട് നഗരത്തിലുള്ള ഖരമാലിന്യങ്ങളെല്ലാം നിക്ഷേപിക്കുന്നത് തൊട്ടടുത്തുള്ള ചെറുവണ്ണൂർ പഞ്ചായത്തിലെ ഞെളിയൻപറമ്പ് എന്ന സ്ഥലത്ത് നാഷണൽ ഹൈവേയോട് ചേർന്ന സ്ഥലത്താണ്. ഈ സ്ഥലത്ത് കുന്നുകൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങളിൽനിന്നും ദുസ്സഹമായ ദുർഗന്ധവും മറ്റുള്ള ഉപദ്രവങ്ങളും പരിസരവാസികളുടെ ജീവിതം നരകതുല്യമാക്കിയിരിക്കുന്നു. മഴക്കാലമായാൽ മാലിന്യകൂമ്പാരങ്ങളിൽനിന്നും ഒലിച്ചിറങ്ങുന്ന മലിനജലം പരിസരത്തെ കിണറുകളിലും വഴികളിലും വന്നു നിറയുന്നു. പരിസരത്തുള്ള വീടുകളിൽ ഈച്ചകൾ വന്നു നിറയുന്നു. റോഡിലൂടെ യാത്ര ചെയ്യുന്നവർക്ക് മൂക്ക് പൊത്തിക്കൊണ്ടല്ലാതെ കടന്നുപോകാൻ സാധിക്കുകയില്ല. കോഴിക്കോട് നഗരത്തിലെ മാലിന്യങ്ങൾ നിക്ഷേപിക്കാൻ നിലവിലുള്ള സ്ഥലം തികച്ചും അപര്യാപ്തമാണ്. മറ്റൊരു സ്ഥലം കണ്ടെത്തൽ ഒട്ടും പ്രായോഗികവുമല്ല. ഈ സാഹചര്യത്തിലാണ് ഖരമാലിന്യങ്ങൾ സംസ്കരിക്കാനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ആലോചന വന്നത്. മറ്റ് ചില നഗരങ്ങളിൽ സ്ഥാപിച്ച സംസ്കരണ പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നു എന്നുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് എക്സെൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെക്കൊണ്ട് പ്ലാന്റ് സ്ഥാപിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചത്. ദിനംപ്രതി 300 ടൺ ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള ഈ പ്ലാന്റിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തറക്കല്ലിടുകയും ചെയ്തു. എന്നാൽ ഈ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സാങ്കേതിക കാരണങ്ങളാൽ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ അനുമതി നിഷേധിച്ചു. ഇക്കാരണത്താൽ പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. തെളിയൻപറമ്പിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരായി പരിസരവാസികൾ ആക്ഷൻ കമ്മിറ്റി ഉണ്ടാക്കി പ്രക്ഷോഭത്തിലാണ്. മാലിന്യങ്ങൾ കയറ്റിച്ചെല്ലുന്ന വാഹനങ്ങൾ തടയാനും തീരുമാനിച്ചിരിക്കുകയാണ്. വളരെ ഗുരുതരമായ ഒരു പ്രശ്നമായി ഇത് മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ എക്സെൽ ഇൻഡസ്ട്രീസിനെക്കൊണ്ട് പ്ലാന്റ് സ്ഥാപിക്കാൻ അടിയന്തിരമായി അനുമതി ലഭിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കോഴിക്കോട് നഗരത്തിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 300 ടി.പി.സി. കപ്പാസിറ്റിയുള്ള, മാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളമാക്കുന്ന എക്സൽ ഇൻഡസ്ട്രീസിന്റെ ഒരു പദ്ധതി മൂന്നുഘട്ടമായിട്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമെന്നു പറയുന്നത് ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നടത്തേണ്ട സിവിൾ പ്രവൃത്തികളാണ്. സിവിൾ പ്രവൃത്തിയുടെ ആദ്യ ഘട്ടമെന്നു പറയുന്നത് കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങളും ചണ്ടുകളും നീക്കുകയാണ്. അതിനുശേഷം പ്ലാന്റ് കെട്ടിടത്തിന് ആവശ്യമായിട്ടുള്ള ഫൗണ്ടേഷൻ പ്രവൃത്തിയുടെ പൈൽ ഫോർമേഷൻ നടത്തുകയാണ്. ഇതിനോടകം 88 പൈലുകൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരികയാണ്. രണ്ടാം ഘട്ടം മെഷീണറി സ്ഥാപിക്കുന്ന പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly